# ജി.എൽ.പി.എസ് തച്ചനാട്ടുകര

പാലോട് പി.ഒ

മണ്ണാർക്കാട് ഉപജില്ല




# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

## ആമുഖം

# പൊതു വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളാണ്

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന തരത്തിൽ അക്കാദമിക ഇടപെടലുകൾ ആസൂത്രണം ചെയ്ത് ഒരോ വർഷവും നൂതന പ്രവർത്തനങ്ങൾ കൂട്ടിയിണക്കി അക്കാദമിക മാസ്റ്റർപ്ലാൻ ഓരോ വിദ്യാലയങ്ങളും തയ്യാറാക്കിവരുന്നു. എല്ലാ പൊതു വിദ്യാലയങ്ങളും മികവിന്റെ കേന്ദ്രങ്ങളാക്കുക എന്ന ലക്ഷ്യം മുൻനിർത്തിയൊരുക്കുന്ന ഈ മാസ്റ്റർപ്ലാൻ പ്രതീക്ഷിത ലക്ഷ്യം കൈവരിക്കുമെന്ന് ഉറച്ചുവിശ്വസിക്കുന്നു.. അതുവഴി മെച്ചപ്പെട്ട വിദ്യാഭ്യാസം ലഭ്യമാകുന്നതോടൊപ്പം വിദ്യാലയത്തിന്റെ സർവ്വതോന്മുഖമായ വികസനവും ലക്ഷ്യമിടുന്നു. എല്ലാ അക്കാദമിക പ്രൊജക്ടുകളേയും മികച്ച രീതിയിൽ ഏറ്റെടുക്കുന്ന വിദ്യാലയമാണ് ജി.എൽ.പി.എസ് തച്ചനാട്ടുകര. 2024- 25 ൽ 7 എൽ.എസ്.എസ് നമുക്ക് കിട്ടിയത് വിദ്യാലയത്തിന്റെ അക്കാദമിക മികവിന്റെ നേർസാക്ഷ്യമാണ്. മണ്ണാർക്കാട് സോണൽ കായികമേളയിൽ മൂന്നാം സ്ഥാനം കരസ്ഥമാക്കി കായികരംഗത്തും കഴിഞ്ഞവർഷം മുന്നേറാൻ നമുക്ക് സാധിച്ചിട്ടുണ്ട്. പൊതുസമൂഹത്തിന്റെ പിന്തുണകൊണ്ട് വരും വർഷങ്ങളിലും വിദ്യാലയമികവ് തുടർന്നു കൊണ്ടേയിരിക്കാനുള്ള പരിശ്രമത്തിലാണ് വിദ്യാലയം. അതിന് കരുത്തുപകരാൻ ഏറെ സഹായകമായ രീതിയിൽ ആണ് അക്കാദമിക മാസ്റ്റർപ്ലാൻ ഒരുക്കിയിട്ടുള്ളത് .ഇത് അഭിമാനപൂർവ്വം സമർപ്പിക്കട്ടെ.

പി.ടി.എ പ്രസിഡന്റ്
ശ്രീ. കെ നാരായണൻകുട്ടി

ഹെഡ് മാസ്റ്റർ
ശ്രീ. കെ ശ്രീകുമാരൻ

# സ്കൂൾ ചരിത്രം

മഹാഭാരതകഥയുടേയും പറയിപ്പെറ്റ പന്തീരുകുലത്തിന്റെയും ഐതീഹ്യങ്ങളുറങ്ങുന്ന തച്ചനാട്ടുകരയുടെ ഹൃദയഭാഗത്താണ് തച്ചനാട്ടുകര ജി.എൽ.പി സ്കൂളിന്റെ ആസ്ഥാനം. പ്രാദേശികമായി പഴഞ്ചീരി സ്കൂൾ എന്നാണ് അറിയപ്പെട്ടിരുന്നത്. പൂരാതന കാലം മുതൽക്കുതന്നെ ചെറുകിട കച്ചവടകാരും കർഷകത്തൊഴിലാളികളും ഉൾപ്പെട്ടതായിരുന്നു ഇവിടുത്തെ ജനത. കുടിപ്പള്ളിക്കൂടങ്ങളോ എഴുത്താശ്ശാൻമാരോ നമമാത്രമായിരുന്നതി നാൽ 1914 ൽ തച്ചനാട്ടികര എൽ.പി സ്കൂൾ സ്ഥാപിതമാവും വരെ വിദ്യാഭ്യാസം തീർത്തും അന്യമായിരുന്നു.

ആരംഭത്തിൽ സ്വകാര്യമേഖലയിലും തുടർത്ത് താലൂക്ക് ബോർഡിന്റെ കീഴിലും തുടർന്ന് മലബാർ ഡിസ്ട്രിക്റ്റ് ബോർഡിന്റെ കീഴിലും പ്രവർത്തിച്ച സ്കൂൾ 1957 ൽ സർക്കാർ നിയന്ത്രണത്തിലായി. 1999 ജൂൺ 26 വരെ വാടകക്കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിച്ചിരുന്നത്. പിന്നീട് കെട്ടിടം ഉടമയാ യിരുന്ന ശ്രീമതി.സി.പി.തങ്കമണി (പാലോട്ടിൽ കൃഷ്ണൻകുട്ടി ഗുപ്തന്റെ ഭാര്യ) 20 സെന്റ് സ്ഥലം സ്കൂളിന് സൗജന്യമായി നൽകി. 1998 ഒക്ടോബർ 10 നു പുതിയ കെട്ടിടത്തിന് ശ്രീ. സി. പി കൃഷ്ണൻകുട്ടി ഗുപ്തൻ തറക്കല്ലിട്ടു. ഓഫീസ് മുറിയും നാലു ക്ലാസ്സ്മുറികളും ഉള്ള കെട്ടിടത്തിന് ഫണ്ട് അനുവദിച്ചത് ഡി .പി .ഇ .പി ആയിരുന്നു മണ്ണാർക്കാട് എം ൽ എ ശ്രീ ജോസ്ബേബി യാണ് ഉദ്ഘാട നം നിർവഹിച്ചത്. വിദ്യാലയത്തിന്റെ ഇപ്പോഴത്തെ കെട്ടിടത്തിന് (2019) ഫണ്ട് അനുവദിച്ചത് ഒറ്റപ്പാലം എം.എൽ.എ ആയിരുന്ന ശ്രീ .പി ഉണ്ണിയാണ്. പ്രി-പ്രൈമറി മുതൽ നാലാം ക്ലാസുവരെ അത്യാധുനിക സൗകര്യങ്ങളോടെ തച്ചനാ ട്ടുകര പഞ്ചായത്തിലെ മികച്ച സ്കൂളുകളിലൊന്നായി ഇന്ന് ഈ വിദ്യാലയം മാറിയിരിക്കുന്നു.

109ാം പിറന്നാളിലേക്ക് കടക്കുന്ന ഈ വിദ്യാലയമുത്തശ്ശി പഴഞ്ചീരി ഗ്രാമ ത്തിന്റെ അക്ഷരദീപമായി പ്രഭപരത്തുന്നു. 110 കുട്ടികളുമായി ജൈത്രയാത്ര തുടരുന്ന ഈ വിദ്യാലയം വളർച്ചയുടെ പടികൾ കയറിക്കൊണ്ടിരിക്കുകയാണ്. 2025 – 26 അധ്യയന വർഷത്തിൽ വളരെ മികവാർന്ന പ്രവർത്തനങ്ങൾ ഒരുക്കി ക്കൊണ്ട് സമസ്ത മേഖലയിലും മുന്നേറാൻ ഉതകുന്ന രീതിയിലാണ് ഈ മാസ്റ്റർ പ്ലാൻ ഒരുക്കിയിട്ടുള്ളത്.

## സ്കൂൾ വിശദാംശങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | ജി.എൽ.പി.എസ് തച്ചനാട്ടുകര |
| മേൽവിലാസം | : | പാലോട് പി.ഒ, 678583 |
| ഫോൺ നമ്പർ | | |
| സ്കൂൾ കോഡ് | : | 21827 |
| വിദ്യാഭ്യാസ ഉപജില്ല | : | മണ്ണാർക്കാട് |
| വിദ്യാഭ്യാസ ജില്ല | : | മണ്ണാർക്കാട് |
| റവന്യു ജില്ല | : | പാലക്കാട് |
| ബി.ആർ.സി | : | മണ്ണാർക്കാട് |
| സി.ആർ.സി | : | തച്ചനാട്ടുകര |
| ഗ്രാമ പഞ്ചായത്ത് | : | തച്ചനാട്ടുകര |
| ബ്ലോക്ക് പഞ്ചായത്ത് | : | മണ്ണാർക്കാട് |
| ജില്ലാ പഞ്ചായത്ത | : | പാലക്കാട് |
| നിയമസഭ മണ്ഡലം | : | ഒറ്റപ്പാലം |
| ലോകസഭാ മണ്ഡലം | : | പാലക്കാട് |
| താലൂക്ക് | : | മണ്ണാർക്കാട് |
| വില്ലേജ് | : | തച്ചനാട്ടുകര |
| ഇ മെയിൽ വിലാസം | : | glpshachanattukara@gmail.com |
| സ്കൂൾ വിക്കി | | |
| ഫേസ് ബുക്ക് | : | Glpsthachanattukara |

# സ്കൂളിനെ നയിക്കുന്നവർ



ശ്രീകുമാരൻ കെ
(പ്രധാനാധ്യാപകൻ )



കെ നാരായണൻകുട്ടി
(പി.ടി.എ പ്രസിഡന്റ് )



സഫസീന
(MPTA പ്രസിഡന്റ് )



സുമയ്യ എ.വൈ



ജയകൃഷ്ണൻ എസ്



ദിനേഷ് ചന്ദ്രൻ എം



മൊയ്തുകുട്ടി ട



രഞ്ജിത്ത്



കൃഷ്ണകുമാരി



അശ്വനി



റന്യ



ജമീല



കുഞ്ഞിലക്ഷ്മി

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
2 എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, അറബി ഭാഷകളിൽ എഴുതാനും വായിക്കാനുമുള്ള കഴിവ് ഉറപ്പുവരുത്തുക.
3. ഗണിതത്തിൽ ചതുഷ്ക്രിയകൾ ഉപയോഗിച്ച് സ്വയം പ്രശ്നാപഗ്രഥനം നടത്താനുള്ള കഴിവ് നേടുക.
4. ഇംഗ്ലീഷ് സംസാരിക്കുനുള്ള പരിശീലനം ( Communicative English) ഒന്നാം ക്ലാസ്സിൽ തന്നെ നൽകുക.
5 ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി , കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്നപരിശീലനവും ലഭ്യമാക്കുക
6. വായന ഒരു സംസ്ക്കാരമായി രൂപപ്പെടുത്തുന്നതിനാവശ്യമായ തരത്തിലുള്ള പ്രവർത്തനങ്ങളൊരുക്കും.
7. ആധുനിക സാങ്കേതികവിദ്യാസാധ്യതകൾ കൂടുതൽ ഫലപ്രദമായി ക്ലാസ്സ് മുറികളിൽ ഉപയോഗിക്കുന്നതിന് അധ്യാപകരെ ശാക്തീകരിക്കും. അതുവഴി മെച്ചപ്പെട്ട പഠനാനുഭവങ്ങൾ കുട്ടികൾക്ക് ഉറപ്പുവരുത്തും.
8. സയൻസ് ലാബ്, കമ്പ്യൂട്ടർ ലാബ്, ഗണിതലാബ് തുടങ്ങിയവ ആധുനികവത്ക്കരിക്കുക.
9. ഓരോ ടേമിലും കുട്ടികൾ നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കി അച്ചടിച്ച് രക്ഷിതാക്കൾക്ക് നൽകും. ഇതിനായി വ്യക്തിഗത പി.ടി.എ. / കോർണർ പി.ടി.എ.കൾ എന്നിവ ചേരും.
10. ഒന്നാം ക്ലാസ്സ് മുതൽ 4ാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്കനുസൃതമായി വർക്ക്ഷീറ്റുകൾ എസ്. ആർ. ജി. യുടെ നേതൃത്വത്തിൽ ലഭ്യമാക്കും.
11. വിദ്യാലയ ഒരു പാഠപുസ്തകം' എന്നാശയം മുൻനിർത്തി അറിവുനിർമ്മാണ ഇടങ്ങളായി വിദ്യാലയ പരിസരങ്ങൾ മാറ്റും.
12. ആശയ പ്രകടനശേഷി വർദ്ധിപ്പിക്കാൻ സഹായകരമായ തരത്തിൽവിദ്യാലയ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും. അപകർഷതാബോധം ഒഴിവാക്കി 'ആക്ടീവായ' വിദ്യാർത്ഥിസമൂഹത്തെ സൃഷ്ടിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഒരുക്കും.
13. ജൈവവൈവിധ്യകലവറയായി വിദ്യാലയത്തെ മാറ്റുക.
14. ഹരിതപെരുമാറ്റച്ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം, ശുചിത്വം, വേസ്റ്റ് മാനേജ്മെന്റ് മലിനജല നിർമ്മാർജ്ജനം തുടങ്ങിയവ കൃത്യമായി നടപ്പാക്കൽ.
15. ഹരിതസേന രൂപീകരിക്കൽ
16. കൃഷി, ഔഷധത്തോട്ടം, ഉദ്യാനം എന്നിവ മികച്ച രീതിയിൽ പരിപാലിക്കുന്നതിന് വിദ്യാർത്ഥി സംഘങ്ങൾ രൂപീകരിക്കൽ.

# അക്കാദമികം

| നേട്ടങ്ങൾ | പരിമിതികൾ |
|---|---|
| ➢ അക്കാദമിക പ്രവർത്തനങ്ങൾ മികച്ച രീതിയിൽ സംഘടിപ്പിക്കുന്ന മികവുറ്റ അധ്യാപക സമൂഹം.<br><br>➢ ആധുനിക രീതിയിൽ നവീകരിച്ച ശിശു സൗഹൃദമായ കെട്ടിട സമുച്ചയം<br><br>➢ മികച്ച ലൈബ്രറി, ലാബ്, കമ്പ്യൂട്ടർ പഠന സൗകര്യം<br><br>➢ ഓരോ കുട്ടിയും ഒന്നാമനാണ് പദ്ധതി കുട്ടിക ളുടെ കഴിവും അഭിരുചിയും പരിഗണിച്ച് പരിശീ ലനം ലഭ്യമാക്കുന്നു.<br><br>➢ കലാപഠനം, പ്രവൃത്തി പരിചയപഠനം, കായികപഠനം എന്നിവയ്ക്ക് പ്രത്യേക പരിശീ ലനം<br><br>➢ പഠനത്തിൽ പിന്തുണ ആവശ്യമുള്ള കുട്ടികൾക്ക് അമ്മയുമൊത്തു എന്ന പ്രത്യേക പിന്തുണ പ്രവർത്തനങ്ങൾ<br><br>➢ പ്രത്യേക പരിഗണനയും പിന്തുണയും അർഹിക്കുന്നവർ ക്കുള്ള വ്യക്തിഗത സപ്പോർട്ട്<br><br>➢ സർഗ്ഗാത്മക വേദികൾ, ആശയപ്രകടന വേദി കൾ, ജനാധിപത്യ വേദികൾ എന്നിവ പ്രോത്സാ ഹിപ്പിക്കുന്ന വിദ്യാലയം.<br><br>➢ പാഠ്യേതര പ്രവർത്തനങ്ങൾ, ദിനാചരണങ്ങൾ തുടങ്ങിയവ മികവുറ്റ രീതിയിൽ നടപ്പാക്കുന്നു.<br><br>➢ കാർഷിക പ്രവൃത്തികൾ. ജൈവ വൈവിധ്യ അന്തരീക്ഷം എന്നിവ കുട്ടികൾക്ക് പ്രധാനം ചെയ്യൽ. | ➢ മുഴുവൻ കുട്ടികൾക്കും ഭാഷാശേഷി, ഗണിത ശേഷി എന്നിവ കൈവരിക്കാൻ കഴിഞ്ഞിട്ടില്ല.<br><br>➢ മികച്ച ലാബ്, ലൈബ്രറി സംവിധാനങ്ങൾ ഉണ്ടെ ങ്കിലും സ്വതന്ത്രമായി കുട്ടികൾക്ക് ഇടപെടാ നുള്ള അവസരമില്ല. സയൻസ് ലാബ് പ്രവർത്ത നങ്ങൾ കൂടുതൽ മെച്ചപ്പാടനുണ്ട്.<br><br>➢ വായനക്ക് നല്ല പ്രോത്സാഹനം വിദ്യാലയം നൽകുന്നുവെങ്കിലും നന്നായി പുസ്തകം വായി ക്കുന്ന കുട്ടികളുടെ എണ്ണം കുറവാണ്. വായന യിലേക്ക് കുട്ടികളെ നയിക്കാൻ സാധിച്ചിട്ടില്ല.<br><br>➢ മത്സരപരീക്ഷയിൽ പ്രത്യേകിച്ച് പൊതുവിജ്ഞാ നമേഖലയിൽ കുട്ടികളുടെ പിന്നോക്കാവസ്ഥ പരിഹരിക്കപ്പെടേണ്ടതുണ്ട്.<br><br>➢ ഐ.ടി. അധിഷ്ഠിത പഠനം എന്ന നിലയിലേക്ക് ക്ലാസ്റൂം പ്രവർത്തനങ്ങളൊരുക്കാനായിട്ടി ല്ല. മതിയായ സൗകര്യങ്ങളുടെ കുറവ്.<br><br>➢ കുട്ടികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്ക പ്പെടേണ്ടതുണ്ട്. 10% കുട്ടികളെങ്കിലും പിന്നോ ക്കക്കാരാണ്.<br><br>➢ ആധുനിക രീതിയിലുള്ള കമ്പ്യൂട്ട ർ ലാബ് ഉണ്ടെങ്കിലും കുട്ടികളുടെ എണ്ണത്തിനാവശ്യമായ കംപ്യൂട്ട റുകളുടെ എണ്ണത്തിലുള്ള കുറവ് |

# ലക്ഷ്യങ്ങൾ

## ഭാഷാ വികസനം

1 എല്ലാ കുട്ടികളെയും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക.

2. എല്ലാ കുട്ടികൾക്കും അവരവരുടെ ക്ലാസ്സുകൾക്ക് അനുയോജ്യമാകുന്ന തരത്തിലുള്ള ആശയവിനിമയശേഷി നേടി എന്നുറപ്പുവരുത്തുക.

3. കുട്ടികളിൽ സാഹിത്യ അഭിരുചി വളർത്തുക.

4. സർഗ്ഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.

5. ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.

6. ഭാഷാശേഷി വികസനത്തിനായി ആധുനിക സാങ്കേതിക വിദ്യാസാധ്യത കളെ പ്രയോജനപ്പെടുത്തുക.

7. മികച്ച വായനാശീലം വളർത്തുക.

8. ഭാഷയുമായി ബന്ധപ്പെട്ട് ശില്പശാലകൾ നടത്തുക

9. സ്കൂൾ അസംബ്ളിയിൽ വായിച്ച പുസ്കകം, വിഷയാവതരണം, ചിന്താവിഷയം എന്നിവ അവതരിപ്പിക്കാൻ എല്ലാവർക്കും അവസരം

10. സാഹിത്യകാരൻമാരെ (പ്രാദേശിക സാഹിത്യകാരൻമാർ) മാസത്തിൽ ഒരു തവണ കുട്ടികളുമായി സംവദിക്കാൻ അവസരം നൽകുക

## ഇംഗ്ലീഷ്

1. ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് എല്ലാ കുട്ടികളേയും പ്രാപ്തരാക്കുക.
2. ഇംഗ്ലീഷിലുള്ള ആവിഷ്ക്കാരങ്ങൾക്ക് അവസരം ഒരുക്കുക.
3. സ്വതന്ത്ര വായനയ്ക്ക് സജ്ജരാക്കുക.
4. സ്വതന്ത്ര എഴുത്തിന് സജ്ജരാക്കുക.
5. സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാ വികസനത്തിന് പ്രയോജനപ്പെടുത്തുക.
6. ആശയാവതരണ രീതിയിലൂടെ അടിസ്ഥാന ഭാഷാ ശേഷികൾ നേടാൻ സചിത്ര നോട്ട് ബുക്കിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്തുക

7. ക്ലാസ്സ് തല വായന മുല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക.
8. ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കാനായി രക്ഷിതാക്കളുടെ സഹായത്തോടെ നിർമാണ വർക്ക് ഷോപ്പുകൾ ആസൂത്രണം ചെയ്യുക .
9. മാസത്തിൽ 2 തവണ ഇംഗ്ലീഷ് അസംബ്ളി നടത്തുക.
10. സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിക്കുക.
11. പ്രാദേശികമായും പരിശീലകരേയും ഉൾക്കൊള്ളിച്ച് അധ്യാപകർക്കും കുട്ടികൾക്കും ക്ലാസ്സുകൾ ( മാസത്തിൽ ഒരു തവണയെങ്കിലും)
12. 3 മാസത്തിലൊരിക്കൽ English Fest നടത്തുക.
13. വിദ്യാലയ സർഗവേളകളിൽ English ന് പ്രാധാന്യം കൊടുത്തുകൊണ്ടുള്ള അവസരങ്ങൾ സൃഷ്ടിക്കുക.

## പരിസര പഠനം

1. ശാസ്ത്രപഠനത്തിൽ താൽപര്യം വളർത്തുക. ശാസ്ത്രബോധം, ശാസ്ത്രീയ മനോഭാവം എന്നിവ വികസിപ്പിക്കുക.
2. ശാസ്ത്രത്തിന്റെ രീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക.
3. ശാസ്ത്ര പ്രക്രിയാശേഷികൾ വികസിപ്പിക്കുക. ആധുനിക ശാസ്ത്ര ഉപകര ണങ്ങൾ പ്രയോജനപ്പെടുത്താനുള്ള കഴിവ് വർദ്ധിപ്പിക്കുക.
4. ആധുനിക സൗകര്യങ്ങളോടെ ലാബ് സജ്ജമാക്കുക.
5. ശാസ്ത്രരംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
6. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യാ സാധ്യതകൾ ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക.
7. ചുറ്റുപാടുകളെക്കുറിച്ചറിയാനും ജൈവവൈവിധ്യങ്ങൾ മനസ്സിലാക്കാനും ഫീൽഡ് ട്രിപ്പുകൾ, പഠനയാത്രകൾ എന്നിവ സംഘടിപ്പിക്കൽ
8. കൃഷിയിലും ഉദ്യാലപരിപാലനത്തിനുമുള്ള താല്പര്യം വർദ്ധിപ്പിക്കലും അതിനുള്ള അവസരം സൃഷ്ടിക്കലും
9. കാലവസ്ഥയിലുണ്ടാകുന്ന മാറ്റം , പ്രകൃതി ചൂഷണം, സമൂഹ്യപരിഷ്കരണം, ശാസ്ത്ര സാങ്കേതിക വളർച്ച തുടസങ്ങിയവ ദിനാചരണങ്ങളിലൂടെയും ബോധവത്കരണ ക്ലാസ്സുകളിലൂടെയും ബോധ്യപ്പെടുത്തൽ
10 നിരീക്ഷണ പരീക്ഷണങ്ങളിലൂടെ ശാസ്ത്ര പഠനം പരിപോഷിപ്പിക്കൽ

## സാമൂഹികാവബോധം

1. ജനാധിപത്യ വേദികൾ ഒരുക്കുക.
2. സമൂഹത്തിന്റെ മുന്നോട്ടുള്ള പോക്കിൽ തന്റെ ഉത്തരവാദിത്വം തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്നതിന് പ്രാപ്തരാക്കുക.
3. ജനാധിപത്യ ജീവിത സംസ്കാരം വളർത്തിയെടുക്കുക.

4. ദിനാചരണങ്ങൾ, ബോധവൽക്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ എന്നിവ സംഘടിപ്പിക്കൽ
5. ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ജനാധിപത്യമൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് അവസരം നൽകൽ

## ഗണിതം

1 അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക.
2. ഗണിതത്തെ ജീവിതവുമായി ബന്ധപ്പെടുത്തുക.
3. ഓരോ ക്ലാസിലും കരിക്കുലം വിഭാവനം ചെയ്യുന്ന ഗണിതശേഷികൾ നേടി എന്നുറപ്പാക്കുക.
4. ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക.
5. ഗണിതചിന്ത, യുക്തിചിന്ത, വിശകലനശേഷി എന്നിവ എല്ലാ കുട്ടികളിലും വളർത്തുക.
6. കളികളിലൂടെയും മറ്റ് വിനോദോപാധികളുടേയോ സഹായത്താൽ ഗണിത താല്പര്യം വർദ്ധിപ്പിക്കുക

## ഐ സി ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

1. വിവരസാങ്കേതികവിദ്യയെ ഫലപ്രദമായി പ്രയോജനപ്പെടുത്തുക.
2. അറിവ് നിർമ്മാണ പ്രക്രിയയിൽ വിവരസാങ്കേതികവിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക.
3. കുട്ടികൾക്ക് സ്വതന്ത്രമായും നിർഭയമായും കമ്പ്യൂട്ടറുകൾ ഉപയോഗിക്കാനുള്ള സാഹചര്യം ഒരുക്കുക

## പ്രവൃത്തി പരിചയം

1. നിർമ്മാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക.
2. പാഴ്വസ്തുക്കളിൽനിന്ന് പഠനോപകരണങ്ങളോ, പ്രയോജനപകരമായ ഉൽപ്പന്നങ്ങളോ ഉണ്ടാക്കാനുള്ള കഴിവ് വികസിപ്പിക്കുക.
3. ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തിപരിചയാനുഭവത്തെ ബന്ധിപ്പിക്കുക.
4. നിർമ്മാണപ്രവർത്തനങ്ങളിലൂടെ ഏകാഗ്രതയും സൂക്ഷ്മതയും കൃത്യതയും വളർത്തുക

## കലാപരിശീലനം

1. കുട്ടികളുടെ സർഗ്ഗാത്മക കഴിവുകൾ കണ്ടെത്തുക.
2. കലാഭിരുചി വളർത്തുക.

3. ഓരോ കുട്ടിയുടേയും സവിശേഷമായ കഴിവിന്റെ വികസനത്തിന് അവസര മൊരുക്കുക.
4. ആധുനിക ശാസ്ത്ര സാങ്കേതികവിദ്യ കലാപഠനത്തിൽ ഉപയോഗപ്പെടുത്തുക
5. ഓരോ കുട്ടിയും ഒന്നാമനാണ്' എന്ന ബോധം ജനിപ്പിക്കുന്ന തരത്തിലുള്ള പരിശീലനപരിപാടികൾ ഒരുക്കുക.
6. കലാഭിരുചികൾ ആദ്യമെ കണ്ടെത്തി പ്രോത്സാഹിപ്പിക്കാൻ ടാലന്റ് ക്ലബുകൾ ഒരുക്കുക.

## ആരോഗ്യ കായിക വിദ്യാഭ്യാസം

1. മനസ്സിന്റെ ശക്തി കുട്ടികളെ ബോധ്യപ്പെടുത്തി അവരെ ഏത് ലക്ഷ്യം കൈവരിക്കുന്നതിന് പ്രാപ്തരാക്കുക.
2. എല്ലാ കുട്ടികൾക്കും കായികാരോഗ്യക്ഷമത ഉറപ്പാക്കുക.
3. ആരോഗ്യ ശീലങ്ങൾ വളർത്തുക.
4. ആരോഗ്യ കായിക വിദ്യാഭ്യാസത്തിന് എല്ലാ കുട്ടികൾക്കും അവസരങ്ങൾ ഉണ്ടാക്കുക.
5 ക്യാമ്പസിനെ മാലിന്യമുക്തമാക്കുക, ഹരിതാഭമാക്കുക.
6. സൂംബാ ഡാൻസ് പോലുള്ള വ്യായാമമുറകൾ കുട്ടികൾക്ക് ആഴ്ചയിൽ 2 ദിവസമെങ്കിലും നൽകുക.
7. കായിക പരിശീലനത്തിന് ഊന്നൽ കൊടുക്കൽ

## അറബിക്

1. എല്ലാ കുട്ടികളെയും ആശയങ്ങൾ ഉൾക്കൊണ്ടുകൊണ്ട് വായിക്കാനും എഴുതാനും പ്രാപ്തരാക്കുക.
2. കരിക്കുലം ലക്ഷ്യം വെക്കുന്ന അറബി ഭാഷാ പഠന നേട്ടങ്ങൾ മുഴുവൻ കുട്ടികളിലും ഉറപ്പു വരുത്തുക.
3. വായനയിലൂടെയും എഴുത്തിലൂടെയും ഭാഷാ ശേഷി വർദ്ധിപ്പിക്കു ന്നതിനുള്ള സാഹചര്യം ക്ലാസ് മുറികളിലൊരുക്കുക.
4. വിദ്യാഭ്യാസം വിഭാവനം ചെയ്യുന്ന മൂല്യമനോഭാവങ്ങൾ ഭാഷാ പഠന നേട്ടത്തിലൂടെ ഉറപ്പു വരുത്തുക.
5 ഭാഷാ പഠനത്തിൽ ഐ.ടിയുടെ സാധ്യതകൾ പ്രയോജന പ്പെടുത്താനും വികസിപ്പിക്കാനുമുള്ള കഴിവ് കുട്ടികളിൽ സൃഷ്ടിക്കുക.

# ഭാഷ

## മലയാളം

പ്രവർത്തനം 1
പേര് : നിലവാര നിർണയ പരീക്ഷ
മേഖല : ഫോക്കസ് ഗ്രൂപ്പ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിലവാര നിർണയം | നിലവാര നിർണയം-പ്രി ടെസ്റ്റ് നടത്തി പിന്നാക്കക്കാരെ കണ്ടെത്തുക | ജൂൺ | ക്ലാസ് അധ്യാപകർ | 500 |

പ്രവർത്തനം 2
പേര് : വായിച്ചു പഠിക്കാം
മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഒഴുക്കോടെയുള്ള വായന | വിവധ നിലവാരത്തിനനുസരിച്ചുള്ള വായനാക്കാർഡുകളുടെ നിർമാണം | ജൂൺ - ഫെബ്രുവരി | അധ്യാപകർ എസ്.എസ്.ജി | 5000 |

പ്രവർത്തനം 3
പേര് : ഞങ്ങളുണ്ട് കൂടെ
മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനപിന്തുണ | ഫോക്കസഗ്രൂപ്പ് രക്ഷി-താക്കൾക്ക് ബോധവ-ത്കരണം ( എങ്ങനെ കുട്ടിയെ പഠനത്തിനായി സജ്ജരാക്കാം) | ജൂൺ - ആഗസ്റ്റ് | അധ്യാപകർ | 500 |

പ്രവർത്തനം 4
പേര്   : വായിച്ചു രസിക്കാം
മേഖല   : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന ആസ്വാദ്യകരമാക്കൽ | കഥാപുസ്തകങ്ങൾ, ബാലമാസികകൾ വായനാക്കാർഡുകൾ എന്നിവ ലഭ്യമാക്കി ഒഴിവു സമയത്ത് വായന. വായിച്ചനുഭവങ്ങൾ ക്ലാസ്സിൽ /അസംബ്ലിയിൽ പങ്കുവയ്ക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ എൽ.എസ്.ജി | 5000 |

പ്രവർത്തനം 5
പേര്   : വായനച്ചങ്ങാത്തം
മേഖല   : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന ആസ്വാദ്യകരമാക്കൽ | സ്കൂളിനടുത്തുള്ള വായനശാലയിൽ നിന്ന് പുസ്തകം( ബാലസാഹിത്യം) സൗജന്യമായി ലഭ്യമാക്കുന്നു.വായിച്ച പുസ്തകങ്ങളെക്കുറിച്ച് കുറിപ്പ് തയ്യാറാക്കുന്നു. ക്ലാസ്സിൽ/ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | |

പ്രവർത്തനം 6
പേര്   : വായനാച്ചങ്ങാത്തം
മേഖല   : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന ആസ്വാദ്യകരമാക്കൽ | വായനയ്ക്കായി വീട്ടിലേയ്ക്ക് പുസ്തകവണ്ടി. എല്ലാ വീടുകളിലും രക്ഷിതാക്കൾക്കും കുട്ടികൾക്കുമായി പുസ്തകം എത്തിക്കുന്നു. അമ്മമാർ വായിച്ച പുസ്തകങ്ങൾ അസംബ്ലിയിൽ അവതരിപ്പിക്കുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | 1000 |

പ്രവർത്തനം 7
പേര്   : ചെയ്തു പഠിക്കാം
മേഖല   : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റു കൂടാതെ എഴുതൽ | ചിഹ്നങ്ങൾ ഉറപ്പിക്കാനായി സ്കൂൾ സപ്പോർട്ടിംഗ് ഗ്രൂപ്പ്, രക്ഷിതാക്കൾ, അധ്യാപകർ എന്നിവരുടെ സഹായത്തോടെ വർക്ക്ഷീറ്റ് നിർമ്മാണ ശില്പശാല സംഘടിപ്പിക്കുന്നു. വർക്ക് ഷീറ്റ് പ്രിന്റ് ചെയ്ത് വിതരണം നടത്തുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ | 1000 |

പ്രവർത്തനം 8
പേര്   : മലയാളത്തിളക്കം
മേഖല   : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റു കൂടാതെ എഴുതൽ | എഴുത്തിലെ പോരായ്മ പരിഹരിക്കാൻ ഫോക്കസ് ഗ്രൂപ്പിലെ അംഗങ്ങൾക്ക് മലയാളത്തിളക്കം ക്ലാസ് നൽകുന്നു. ആദ്യത്തെ ഒരാഴ്ചത്തെ ക്ലാസ്സിനുശേഷം ദിവസവും വൈകുന്നേരമോ, ഉച്ചഭക്ഷണ ഇടവേളകളിലോ അരമണിക്കൂർ വീതം ക്ലാസ് നൽകുന്നു. പോസ്റ്റ് ടെസ്റ്റ് നടത്തുന്നു. അവലോകനം | ജൂൺ - ഡിസംബർ | അധ്യാപകർ | 1000 |

പ്രവർത്തനം 9
പേര്   : ഡയറി എഴുതാം
മേഖല   : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| തെറ്റു കൂടാതെ എഴുതൽ | ഓരോ ദിവസവും ഉണ്ടാകുന്ന അനുഭവങ്ങളോ മനസ്സിൽ സ്പർശിച്ചതോ ആയ കാര്യങ്ങളോ ഉൾപ്പെടുത്തി 3, 4 ക്ലാസ്സിലെ കുട്ടികൾക്ക് | ജൂൺ - മാർച്ച് | അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| | ഡയറി എഴുത്ത് പരിശീലിപ്പിക്കുന്നു. എല്ലാ ദിവസവും ഡയറി എഴുതുന്നു. മികച്ച ഡയറിയ്ക്ക് അസംബ്ലിയിൽ സമ്മാനം നൽകുന്നു. | | | |

പ്രവർത്തനം 10
പേര്   : എഴുത്തുകൂട്ടം
മേഖല   : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചന | സർഗാത്മക രചനയ്ക്ക് പ്രാധാന്യം കൊടുത്തുകൊണ്ട് കഥ, കവിത ശില്പശാല സംഘടിപ്പിക്കുന്നു. സാഹിത്യരംഗത്തെ പ്രമുഖരെ ശില്പശാലയിലേയ്ക്ക് ക്ഷണിക്കുന്നു. അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. മികച്ച സൃഷ്ടികൾക്ക് സമ്മാനം നൽകുന്നു. | ജൂൺ - മാർച്ച് | അധ്യാപകർ പി.ടി.എ | 5000 |

പ്രവർത്തനം 11
പേര്   : സ്കൂൾ പത്രം
മേഖല   : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സർഗാത്മക രചന | കുട്ടികൾ തയ്യാറാക്കിയ ലേഖനങ്ങൾ (കഥ, കവിത, യാത്രാവിവരണങ്ങൾ ,ചിത്രങ്ങൾ മറ്റ് കാര്യങ്ങൾ...) ഉൾപ്പെടുത്തി സ്കൂൾ പത്രം തയ്യാറാക്കുന്നു. | ഫെബ്രുവരി- മാർച്ച് | അധ്യാപകർ പി.ടി.എ | 5000 |

പ്രവർത്തനം 12
പേര്   : സർഗവേള
മേഖല   : ആശയാവിഷ്കരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവു നേടൽ | ക്ലാസ് റൂമിൽ നിന്നും പുറത്തു നിന്നും കിട്ടിയ സർഗാത്മ കഴിവുകളെ അവതരിപ്പിക്കാനുള്ള വേദകളായി സർഗവേളകളെ ഉപയോഗപ്പെടുത്തുന്നു. | ജൂൺ- മാർച്ച് | അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| | മാസത്തിൽ ഇത്തരത്തിൽ രണ്ട് സർഗവേളകൾ സംഘടിപ്പിക്കുന്നു. | | | |

പ്രവർത്തനം 12
പേര്   : വായനാമൂല
മേഖല   : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയെ പ്രോത്സാഹിപ്പിക്കുന്നു. | ക്ലാസ് റൂമിൽ വായനാമൂല സജ്ജീകരിക്കുന്നു. കഥാപുസ്തകങ്ങൾ, ബാലമാസികകൾ, പത്രങ്ങൾ എന്നിവ സജ്ജീകരിക്കുന്നു. | ജൂൺ----മാർച്ച് | അധ്യാപകർ | 1000 |

## ഇംഗ്ലീഷ്

പ്രവർത്തനം 1
പേര്   : Academic Assessment
മേഖല   : L S R W

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിലവാര നിർണയം | നിലവാര നിർണയത്തിനായി പരീക്ഷ നടത്തുന്നു. ഫോക്കസ് ഗ്രൂപ്പ് രൂപീകരിക്കുന്നു. | ജൂൺ | അധ്യാപകർ | 1000 |

പ്രവർത്തനം 2
പേര്   : Reading Cards
മേഖല   : Reading

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായനയിൽ മികവ് | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷ് വായനാക്കാർഡുകൾ ----- നിർമ്മാണ ശില്പശാല.അധ്യാപകർ, രക്ഷിതാക്കൾ, ഇംഗ്ലീഷ് R P മാർ എന്നിവർ പങ്കെടുക്കുന്നു. പ്രിന്റ് ചെയ്ത് കുട്ടികൾക്ക് നൽകുന്നു. | ജൂൺ-മാർച്ച് | അധ്യാപകർ | 5000 |

പ്രവർത്തനം 2
പേര്  :  Work sheets
മേഖല  : L S R W

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലേഖനത്തിൽ പിന്തുണ | കുട്ടികളുടെ നിലവാരത്തിനനുസരിച്ച് ഇംഗ്ലീഷ് വർക്ക്ഷീറ്റുകളുടെ നിർമ്മാണം.<br>പ്രിന്റ് ചെയ്തോ, എ 4 ഷീറ്റിൽ /ചാർട്ടിൽ എഴുതിയോ കുട്ടികൾക്ക് നൽകുന്നു. | ജൂ ൺ-- മാർച്ച് | അധ്യാപകർ<br>SSG<br>PTA | 5000 |

പ്രവർത്തനം 3
പേര്  :  English Assembly
മേഖല  : Communication

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നു. | മാസത്തിൽ 2 ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു.ഓരോ ക്ലാസുകാർക്കും ചുമതല. Prayer,pledge, book review, story telling, poems, New reading , topic, thoughts ..എന്നിവ അവതരിപ്പിക്കുന്നു | ജൂൺ- മാർച്ച് - | അധ്യാപകർ | |

പ്രവർത്തനം 4
പേര്  :  English fest
മേഖല  : Communication

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആശയ വിനിമയം നടത്തുന്നു. | ആഗസ്റ്റ് , ഡിസംബർ, മാർച്ച് എന്നീ മാസങ്ങളിൽ English fest നടത്തുന്നു. രക്ഷിതാക്കളെ പങ്കെടുപ്പിക്കുന്നു. ജനപ്രതിനിധികളെ പങ്കെടുപ്പിച്ച് ഉദ്ഘാടനം നടത്തുന്നു. | ആഗസ്റ്റ് - ഡിസം ബർ- മാർച്ച് | അധ്യാപകർ<br>PTA | 7500 |

പ്രവർത്തനം 5
പേര്     :  Learning English
മേഖല    : Self confidence

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മ വിശ്വാസം വർദ്ധിപ്പിക്കൽ | ഇംഗ്ലീഷ് കൈകാര്യം ചെയ്യുന്ന റിസോഴ്സ് പേഴ്സനെ പങ്കെടുപ്പിച്ചുകൊണ്ട് 3, 4 ക്ലാസ്സിലെ കുട്ടികൾക്ക് 3 ദിവസത്തെ ക്ലാസ് | ജനുവരി | PTA SSG | 3000 |

പ്രവർത്തനം 6
പേര്     :  spoken English
മേഖല    : Self confidence

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഇംഗ്ലീഷിൽ ആത്മ വിശ്വാസം വർദ്ധിപ്പിക്കൽ | ജൂലൈ മുതൽ 3, 4 ക്ലാസിലെ കുട്ടികൾക്കായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ് സംഘടിപ്പിക്കൽ. എല്ലാ ശനിയാഴ്ചകളോ ഞായറാഴ്ചകളോ ഇതിനായി നീക്കിവയ്ക്കുന്നു. സ്പോക്കൺ ഇംഗ്ലീഷി ട്രൈനറെ കണ്ടെത്തുന്നു. | ജൂലൈ മാർച്ച് | PTA SSG | 20000 |

പ്രവർത്തനം 7
പേര്     :  One day one story
മേഖല    : Listening

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| To improve their listening skill | ക്ലാസ്സിൽ ഒരു ദിവസം ഒരു ഇംഗ്ലീഷ് സ്റ്റോറി വീതം കുട്ടികൾക്ക് പറഞ്ഞുകൊടുക്കുന്നു. English story book കൾ കുട്ടികൾക്ക് പരിചയപ്പെടുത്തുന്നു. | ജൂൺ മാർച്ച് | അധ്യാപകർ | |

പ്രവർത്തനം 8
പേര്      :  Reading books
മേഖല     : Reading

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| വായന മികവിലേക്കെത്തിക്കുക | കുട്ടികളുടെ നിലവാരമനുസരിച്ച് ഇംഗ്ലീഷ് സ്റ്റോറി ബുക്കുകൾ സ്കൂൾ ലൈബ്രറിയിലും ക്ലാസ് വായനാമൂലയിലും സജ്ജീകരിക്കുക. കുട്ടികളെ വായനയ്ക്കായി പ്രേരിപ്പിക്കുക. | ജൂൺ മാർച്ച് | അധ്യാപകർ | 2000 |

പ്രവർത്തനം 8
പേര്      :  English skit
മേഖല     : Communication

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയവിനിമയം | പാഠഭാഗത്തിലെ കഥകൾക്ക് സംഭാഷണം തയ്യാറാക്കി ക്ലാസ്സിലും വിദ്യാലയ സർഗവേദിയിലും അവതരിപ്പിക്കുക. ഇത്തരം സ്കിറ്റുകൾ ഇംഗ്ലീഷ് ഫെസ്റ്റിലും പഠനോത്സവത്തിലും ഉൾപ്പെടുത്തുക. | ജൂൺ മാർച്ച് | അധ്യാപകർ | 2000 |

പ്രവർത്തനം 09
പേര്      :  Daily using sentences
മേഖല     : Communication

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആശയവിനിമയം | എല്ലാ ദിവസവും Daily using words പരിചയപ്പെടുത്തുക. കുട്ടികളെകൊണ്ട് പ്രാക്റ്റീസ് ചെയ്യിപ്പിക്കുക. Eg - May I go to Toilet. | ജൂൺ മാർച്ച് | അധ്യാപകർ | 2000 |

# പരിസര പഠനം

പ്രവർത്തനം 1
പേര്       :  ദിനാചരണങ്ങൾ
മേഖല     : ശാസ്ത്രാഭിരുചി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രത്തിൽ താല്പര്യം വർദ്ധിക്കുന്നു. | സാമൂഹികവും ശാസ്ത്രവുമായി ബന്ധപ്പെട്ട ദിനാചരണങ്ങൾ ആചരിക്കുന്നു. അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ കുട്ടികൾ ചെയ്യുന്നു. മത്സരങ്ങൾ നടത്തുന്നു. വിദഗ്ധരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ക്ലാസുകൾ സംഘടിപ്പിക്കുന്നു. ബോധവത്കരണ പ്രവർത്തനങ്ങളിൽ കുട്ടികൾ ഏർപ്പെടുന്നു. | ജൂൺ മാർച്ച് | അധ്യാപകർ | 10000 |

പ്രവർത്തനം 2
പേര്       :  ഔഷധത്തോട്ട നിർമ്മാണം
മേഖല     : സസ്യങ്ങളുടെ പ്രത്യേകത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഓരോ സസ്യത്തിനും ഗുണങ്ങളുണ്ട്. | സ്കൂളിൽ പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഔഷധത്തോട്ട നിർമ്മാണം സംഘടിപ്പിക്കുന്നു. കുട്ടികളും അധ്യാപകരും ചെടികൾ കൊണ്ടുവരുന്നു, പ്രദേശികമായി കിട്ടിയതും ചേർത്ത് തോട്ടം നിർമ്മിക്കുന്നു. പേരുകൾ ലേബൽ ചെയ്യുന്നു. | ജൂൺ മാർച്ച് | അധ്യാപകർ | 10000 |

പ്രവർത്തനം 3
പേര്       :  അസംബ്ലിയിൽ ഒരു പരീക്ഷണം
മേഖല     : പരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ശാസ്ത്രാവബോധം കുട്ടികളിൽ ഉണ്ടാക്കുക. | ആഴ്ചയിലൊരിക്കൽ അസംബ്ലിയിൽ കുട്ടികൾ പഠിച്ചതായ ശാസ്ത്രപരീക്ഷണം ചെയ്യുന്നു. | ജൂൺ മാർച്ച് | അധ്യാപകർ | 500 |

പ്രവർത്തനം 4
പേര്	: ഫീൽഡ് ട്രിപ്
മേഖല	: പരീക്ഷണ – നിരീക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണ നിരീക്ഷണങ്ങളിലൂടെശാസ്ത്രീയചിന്ത കുട്ടികളിൽ ഉണ്ടാക്കുക ഉണ്ടാക്കുക. | മാസത്തിലൊരിക്കൽ ഫീൽഡ് ട്രിപ് സംഘടിപ്പിക്കുന്നു. പാഠഭാഗവുമായി ബന്ധപ്പെട്ട് ആസൂത്രണം നടത്തുന്നു. പോകാനുള്ള സ്ഥലം, കാണേണ്ട ആളുകൾ, അഭിമുഖ ചോദ്യാവലികൾ എന്നിവ മുൻകൂട്ടി തയ്യാറാക്കുന്നു. | ജൂൺ മാർച്ച് | അധ്യാപകർ PTA | 10000 |

പ്രവർത്തനം 5
പേര്	: പരീക്ഷണ-ശാസ്ത്രോപകരണ ശില്പശാലകൾ
മേഖല	: ശാസ്താവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പരീക്ഷണ നിരീക്ഷണങ്ങളിലൂടെശാസ്ത്രീയ ചിന്ത കുട്ടികളിൽ ഉണ്ടാക്കുക ഉണ്ടാക്കുക. | ശാസ്ത്രവുമായി ബന്ധപ്പെടുത്തി പരീക്ഷണ ശില്പശാലകൾ സംഘടിപ്പിക്കുന്നു. കുട്ടികൾക്ക പഠിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള ശാസ്ത്രോപകരണങ്ങളുടെ നിർമ്മമാണം. ശാസ്ത്രവബോധ ക്ലാസ് തുടങ്ങിയവ ശില്പശാലയിൽ ഉൾപ്പെടുത്തുന്നു. ഈ മേഖലയിലുള്ള RP മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. | ജൂലൈ | അധ്യാപകർ PTA | 5000 |

പ്രവർത്തനം 6
പേര്	: കർക്കടകപ്പെരുമ
മേഖല	: സസ്യങ്ങളും സവിശേഷതകളും

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സസ്യങ്ങൾ ക്കെല്ലാം ഔഷധഗുണമുണ്ട് | കർക്കിടത്തിൽ ഔഷധം സേവിച്ചാൽ കല്പാന്തകാലേ സുഖം ഇലക്കറി ഫുഡ് ഫെസ്റ്റ് - ഇലകൾക്കൊണ്ട് കറികൾ ഉണ്ടാക്കി കുട്ടികൾ കൊണ്ടുവരുന്നു,പ്രദർശനം നടത്തുന്നു. | ജൂലൈ ആഗസ്റ്റ് | അധ്യാപകർ | 1000 |

പ്രവർത്തനം 7
പേര്       :  പലതുള്ളി പെരുവള്ളം
മേഖല     : മഴമാപിനി നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നമ്മുടെ നാട്ടിൽ പെയ്യുന്ന മഴയുടെ അളവ് മനസ്സിലാക്കുന്നു. | മഴമാപിനി നിർമ്മിക്കുന്നു. പെയ്യുന്ന മഴയുടെ അളവ് ഒരു മാസത്തോളം രേഖപ്പെടുത്തുന്നു. ഏത് ആഴ്ചയിലാണ് മഴ കൂടുതൽ പെയ്തതെന്ന് കണ്ടെത്തുന്നു. | ആഗസ്റ്റ് | അധ്യാപകർ സയൻസ് ക്ലബ്ബ് | 1000 |

പ്രവർത്തനം 8
പേര്       :  പച്ചക്കറി കൃഷി
മേഖല     : പച്ചക്കറിയിൽ സ്വയം പര്യാപ്തത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പച്ചക്കറിയിൽ സ്വയം പര്യപ്തത കൈവരിക്കുക. | സ്കൂളിൽ ജൈവ പച്ചക്കറി കൃഷി ആരംഭിക്കുന്നു. ഗ്രോ ബാഗ്, പച്ചക്കറിത്തൈകൾ എന്നിവ സംഘടിപ്പിക്കുന്നു. കർഷകരുടേയോ കൃഷി വകുപ്പിന്റെയോ സഹായം തേടുന്നു. | ജൂലൈ | അധ്യാപകർ PTA SMC | 2000 |

പ്രവർത്തനം 9
പേര്       :  വാനനിരീക്ഷണം
മേഖല     : ശാസ്താവബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആകാശ വിസ്മയങ്ങൾ മനസ്സിലാക്കുക. | മികച്ച RP മാരുടെ നേതൃത്വത്തിൽ വാനനിരീക്ഷണ ക്ലാസ് സംഘടിപ്പിക്കുന്നു.നക്ഷത്രങ്ങൾ അവയുടെ സ്ഥാനം, ചന്ദ്രന്റെ സവിശേഷതകൾ , ഉൽക്കകൾ ...തുടങ്ങിയ ആകാശ വിസ്മയങ്ങളെക്കുറിച്ച് ശാസ്ത്രാവബോധം കുട്ടികൾക്ക് ഉണ്ടാകുന്നു. | ഡിസംബർ | അധ്യാപകർ PTA | 2000 |

പ്രവർത്തനം 10
പേര്  : ശാസ്ത്രലാബ്
മേഖല  : ശാസ്തബോധം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നിരീക്ഷണ പരീക്ഷണങ്ങൾക്കുള്ള സൗകര്യങ്ങൾ സ്കൂളിൽ ഒരുക്കുക. | സ്കൂളിൽ മികച്ച ഒരു ശാസ്ത്രലാബ് സെറ്റ് ചെയ്യുക. പരീക്ഷണോപകരണങ്ങൾ മറ്റ് അനുബന്ധ സാമഗ്രികൾ എന്നിവ ലാബിൽ ക്രമീകരിക്കുക. | ആഗസ്റ്റ് | അധ്യാപകർ PTA | 5000 |

പ്രവർത്തനം 11
പേര്  : ദേശപ്പെരുമ
മേഖല  : പ്രാദേശിക ചരിത്രം -പ്രൊജക്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| നാടിന്റെ ചരിത്രം അറിയൽ | നാടിന്റെ പ്രാദേശിക ചരിത്രം അറിയുന്നു. നാടിനെ അറിയാവുന്ന മുതിർന്ന ആളുകളെ കണ്ടെത്തി പ്രാദേശിക ചരിത്രം നിർമ്മിക്കുന്നു. അഭിമുഖങ്ങൾ ,യാത്രകൾ...എന്നിവ ആസൂത്രണം ചെയ്യുന്നു. | നവംബർ | അധ്യാപകർ ശാസ്ത്രക്ലബ്ബ് | 1000 |

## ഗണിതം

പ്രവർത്തനം 1
പേര്  : ഗണിതകിറ്റ്
മേഖല  : ഗണിതം മൂർത്താനുഭവത്തിലൂടെ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതാശയങ്ങൾ മൂർത്താനുഭവങ്ങളിലൂടെ | എല്ലാ കുട്ടികൾക്കും ഗണിത കിറ്റ് (ഈർക്കിലുകൾ , മഞ്ചാടി, മുത്തുകൾ , അബാക്കസ്, സ്ഥാനവിലപോക്കറ്റുകൾ...തുടങ്ങിയവ ) | ജൂൺ | അധ്യാപകർ | 2000 |

പ്രവർത്തനം 2
പേര്     : വർക്ക്ഷീറ്റ് നിർമ്മാണം
മേഖല    : ഗണിതം രസകരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാവരേയും ചതുഷ്ക്രിയകൾ ചെയ്യാൻ പ്രാപ്തരാക്കുക. | അധ്യാപകരുടേയും രക്ഷിതാക്കളുടേയും വിദഗ്ധരുടേയും മേൽനോട്ടത്തിൽ ഗണിത ശില്പശാല സംഘടിപ്പിക്കുന്നു. വർക്ക്ഷീറ്റുകൾ തയ്യാറാക്കി പ്രിന്റ് ചെയ്ത് കുട്ടികളിലേക്കെത്തിക്കുന്നു. | ജൂൺ ജൂലൈ | അധ്യാപകർ PTA S S G | 5000 |

പ്രവർത്തനം 3
പേര്     :  ഗണിതകേളികൾ
മേഖല    : യുക്തിചിന്ത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതകേളികളിലൂടെ ഗണിതത്തിൽ താല്പര്യം വർദ്ധിപ്പിക്കുന്നു.. | ക്ലാസ്സിലും അസംബ്ലിയിലും ഗണിത കേളികൾ അവതരിപ്പിക്കുന്നു. പസ്സിലുകൾ, റിഡിൽസ്, മറ്റ് മത്സരങ്ങൾ എന്നിവയ്ക്ക് സമ്മാനം നൽകുന്നു. | ജൂൺ മാർച്ച് | അധ്യാപകർ ഗണിത ക്ലബ്ബ് | 1000 |

പ്രവർത്തനം 4
പേര്     :  ശില്പശാല
മേഖല    : ഗണിതം രസകരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ഗണിതാശയങ്ങൾ കൈകാര്യം ചെയ്യുന്നതിൽ മൂർത്താനുഭവങ്ങൾ നൽകുന്നു. | ഒരു ദിവസത്തെ ഗണിത ശില്പശാല. പാഠഭാഗവുമായി ബന്ധപ്പെട്ട ഗണിതാശങ്ങൾ പ്രവർത്തനങ്ങളിലൂടെ കുട്ടികൾ മനസ്സിലാക്കുന്നു. RP മാരുടെ സേവനം പ്രയോജനപ്പെടുത്തുന്നു. ഗണിതോപകരണങ്ങളുടെ നിർമ്മാണം ശില്പശാലയിൽ ഉൾപ്പെടുത്തുന്നു. | ആഗസ്റ്റ് | അധ്യാപകർ ഗണിത ക്ലബ്ബ് | 3000 |

പ്രവർത്തനം 5
പേര് : ഗണിതലാബ്
മേഖല : ചതുഷ്ക്രിയകൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനലക്ഷ്യം എല്ലാ കുട്ടികളിലേയ്ക്കും എത്തിക്കുന്നതിന് | ഗണിത പഠനത്തിനാവശ്യമായ പഠനോപകരണങ്ങൾ സജ്ജമാക്കുന്നു. ഗണിത ലാബ് സെറ്റ് ചെയ്യുന്നു | ജൂൺ മാർച്ച് | അധ്യാപകർ ഗണിത ക്ലബ്ബ് | 5000 |

പ്രവർത്തനം 5
പേര് : കുടുംബ ബഡ്ജറ്റ്
മേഖല : പ്രോജക്റ്റ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| മിതവയശീലം പാലിക്കുന്നു | കുടുംബ ബഡ്ജറ്റ്. കുടുംബത്തിലെ ചെലവുകൾ കുട്ടികൾ കണ്ടെത്തി പ്രൊജക്റ്റ് തയ്യാറാക്കുന്നു. കൂടുതൽ ചെവലു വരുന്നത് എന്തിനാണെന്ന് കണ്ടെത്തുന്നു. | ഒക്ടോബർ | അധ്യാപകർ ഗണിത ക്ലബ്ബ് | 500 |

പ്രവർത്തനം 6
പേര് : ചോദ്യവും ഉത്തരവും
മേഖല : ഗണിതം ജീവിതഗന്ധി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പ്രയോഗിക പ്രശ്നങ്ങൾ നിർദ്ധാരണം ചെയ്യുന്നു. | ദിവസവും രാവിലെ ക്ലാസ്സിലും അസംബ്ലിയിലും പ്രായോഗിക പ്രശ്നങ്ങൾ ഉൾക്കൊണ്ട ഗണിത ചോദ്യം ഉന്നയിക്കുന്നു. വൈകുന്നേരത്തിനുള്ളിൽ കുട്ടികൾ സ്വയം ഉത്തരം കണ്ടെത്തുന്നു. | ജൂൺ മാർച്ച് | അധ്യാപകർ ഗണിത ക്ലബ്ബ് | 0 |

## അറബി

പ്രവർത്തനം 1
പേര് : അറബി അസംബ്ലി
മേഖല : ആശയാവിഷ്കാരം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബിയിൽ ആശയം അവതരിപ്പിക്കാനുള്ള ശേഷി വർദ്ധിക്കുന്നു | മാസത്തിൽ രണ്ട് തവണ അറബിയിൽ അസംബ്ലി നടത്തുന്നു. | ജൂൺ മാർച്ച് | അറബി അധ്യാപകൻ | |

പ്രവർത്തനം 2
പേര് : അറബി വായന
മേഖല : വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി വായന മെച്ചപ്പെടുത്തൽ | അറബി വായനാക്കാർഡുകൾ, കഥ/ കവിതാ പുസ്തകങ്ങൾ എന്നിവ ശേഖരിച്ച് കുട്ടികൾക്കായി നൽകുന്നു. വായിച്ച് അനുഭവങ്ങൾ പങ്കുവയ്ക്കുന്നു. | ജൂൺ മാർച്ച് | അറബി അധ്യാപകൻ | 1000 |

പ്രവർത്തനം 3
പേര് : രചനാ മത്സരം
മേഖല : ലേഖനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അറബി എഴുതാനുള്ള ശേഷി വികസിപ്പിക്കൽ. | അറബി പഠിക്കുന്ന എല്ലാ കുട്ടികളെയും ഉൾപ്പെടുത്തി രചനാ ശില്പശാല സംഘടിപ്പിക്കുന്നു. (കഥ, കവിത മറ്റ് കാര്യങ്ങൾ ) മികച്ചവ തിരഞ്ഞെടുത്ത് സമ്മാനം നൽകുന്നു. | ഒക്ടോബർ | അറബി അധ്യാപകൻ | 1000 |

## <u>പൊതുവായത്</u>

പ്രവർത്തനം 1
പേര് : യൂണിറ്റ് ടെസ്റ്റുകൾ
മേഖല : വിലയിരുത്തൽ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾ | ഒരോ പാഠഭാഗവും കഴിയുമ്പോഴും | ജൂൺ | അധ്യാപകർ | 1000 |

| | | | | |
|---|---|---|---|---|
| പഠനശേഷികൾ നേടിയുട്ടുണ്ടോയെന്ന് പരിശോധിക്കുന്നു.. | യൂണിറ്റ് ടെസ്റ്റ് നടത്തുന്നു. ചോദ്യപേപ്പർ പ്രിന്റ് ചെയ്ത് നൽകുന്നു. പിന്നാക്കം നിൽക്കുന്നവർക്ക് അധിക പ്രവർത്തനം നൽകുന്നു. | മാർച്ച് | | |

പ്രവർത്തനം 2
പേര്   :  ഐ.ടി പരിശീലനം
മേഖല   : ഐ. സി.ടി ഉപയോഗിച്ചുള്ള പഠനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ അധ്യാപകർക്കും ഐ.ടി ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള അറിവു നേടൽ | എല്ലാ അധ്യാപകർക്കും ഐ.ടി ഉപകരണങ്ങൾ കൈകാര്യം ചെയ്യാനുള്ള പരിശീലനം നൽകുന്നു. പുറത്തു നിന്നുള്ള റിസോഴ്സ് പേഴ്സന്റെ സേവനം ഉപയോഗപ്പെടുത്തുന്നു. | ജൂൺ മാർച്ച് | ഐ.സി.ടി അധ്യാപകൻ | 1000 |

പ്രവർത്തനം 3
പേര്   :  ഫുട്ബോൾ പരിശീലനം
മേഖല   : കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായിക പരിശീലനത്തിലൂടെ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക | 3, 4 ക്ലാസ്സിലെ കുട്ടികളെ ഉൾപ്പെടുത്തി ഫുട്ബോൾ ടീം ഉണ്ടാക്കുന്നു. തദ്ദേശിയരായ പരിശീലകരെ കണ്ടത്തുന്നു. | ഒക്ടോബർ മാർച്ച് | അധ്യാപകർ PTA | 3000 |

പ്രവർത്തനം 3
പേര്   :  സൈക്കിൾ പരിശീലനം
മേഖല   : കായിക പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സൈക്കിൾ ഓടിക്കാനുള്ള പ്രാവീണ്യം നേടുക | 3, 4 ക്ലാസ്സിലെ  കുട്ടികൾക്കായി സൈക്കിൾ പരിശീലനം നടത്തുന്നു. | ഒക്ടോബർ മാർച്ച് | അധ്യാപകർ PTA | 3000 |

പ്രവർത്തനം 4
പേര്     :  കരാട്ടെ പരിശീലനം
മേഖല    : ആയോധനകല പരിശീലനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആയോധനകലകളിൽ പ്രാവീണ്യം നേടുക | 3, 4 ക്ലാസ്സിലെ  കുട്ടികൾക്കായി കരാട്ടെ പരിശീലനം നടത്തുന്നു. | ഒക്ടോബർ മാർച്ച് | അധ്യാപകർ PTA | 8000 |

പ്രവർത്തനം 5
പേര്     :  ചിത്രരചനാ ശില്പശാല
മേഖല    :സർഗാത്മകത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ചിത്ര രചനയിൽ തല്പരരായ കുട്ടികളെ കണ്ടെത്തുന്നു | 3, 4 ക്ലാസ്സിലെ  കുട്ടികളെ പങ്കെടുപ്പിച്ചുകൊണ്ട് ചിത്ര രചനാശില്പശാല സംഘടിപ്പിക്കുന്നു. തദ്ദേശീയരായ ചിത്രകല അധ്യാപകരെ പങ്കെടുപ്പിക്കുന്നു. | ഒക്ടോബർ | അധ്യാപകർ PTA | 2000 |

പ്രവർത്തനം 6
പേര്     : പുതിയ സാങ്കേതികവിദ്യ- രക്ഷിതാക്കൾക്ക്
മേഖല    : രക്ഷാകർതൃ വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| പഠനത്തിനുപകരിക്കുന്ന പുതിയ മൊബൈൽ ആപ്ളിക്കേഷനുകൾ പരിചയപ്പെടൽ | കുട്ടികളുടെ പഠനത്തിനായി ഉപയോഗിക്കാവുന്ന സാങ്കേതിക വിദ്യകളിൽ പരിശീലനം നൽകുന്നു.ഇന്റർനെറ്റ്,  PPT, മൊബൈൽ ആപ്പുകൾ.... എന്നിവയെക്കുറിച്ച് ധാരണ നേടുന്നു. | ഒക്ടോബർ | അധ്യാപകർ PTA | 0 |

പ്രവർത്തനം 7
പേര്     :  ഒറിഗാമി പരിശീലനം
മേഖല    : നിർമ്മാണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| പഠനവുമായി ബന്ധപ്പെട്ട് കടലാസുപയോഗിച്ച് വിവിധ വസ്തുക്കളുടെ നിർമ്മാണം- | 3, 4 ക്ലാസ്സിലെ കുട്ടികൾക്ക് കടലാസ് ഉപയോഗിച്ച് വിവിധ വസ്തുക്കൾ നിർമ്മിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നു. നിർമ്മിച്ച വസ്തുക്കൾ സ്കൂളിൽ പ്രദർശിപ്പിക്കുന്നു. | ഒക്ടോബർ | അധ്യാപകർ PTA | 500 |

പ്രവർത്തനം 8
പേര് : തന്നാലായത്
മേഖല : ഉച്ചഭക്ഷണം മെച്ചഭക്ഷണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് കുട്ടികളുടെ പച്ചക്കറി സംഭാവന | സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയിലേക്ക് വീട്ടിൽ ഉണ്ടാകുന്ന പച്ചക്കറികൾ നൽകുന്നു. | ജൂൺ മാർച്ച | അധ്യാപകർ PTA | |

പ്രവർത്തനം 9
പേര് : ഞങ്ങളെ നിങ്ങളറിയുന്നു
മേഖല : സാമൂഹ്യ മാധ്യമങ്ങൾ

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളുടെ മികവുകൾ സാമൂഹ്യ മാധ്യമങ്ങളിൽ കൂടി പൊതുജനം അറിയുന്നു. | ക്ലാസ്സിലും സ്കൂളിലുമുള്ള മികവുകൾ സാമൂഹ്യ മാധ്യമത്തിലൂടെ പൊതുജനം അറിയുന്നു. മികച്ച പ്രവർത്തനങ്ങൾ ജനങ്ങളുമായി പങ്കുവയ്ക്കുന്നു.( പ്രാദേശിക ടി.വിചാനൽ ,FB, Utube...) | ജൂൺ മാർച്ച് | അധ്യാപകർ PTA | 500 |

പ്രവർത്തനം 9
പേര് : ഹെൽത്ത് ചെക്കപ്പ്
മേഖല : ആരോഗ്യം സമ്പത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളെ നിലവിലെ ആരോഗ്യ | ഹെൽത്ത് ചെക്കപ്പ് നടത്തുന്നു. BMI പരിശോധിക്കുന്നു. പോഷകാഹാരക്കുറവുള്ള കുട്ടികളെ | ഒക്ടോബർ | ഹെൽത്ത് ഡിപ്പാർട്ട്മെന്റ് | 1000 |

| | | | | |
|---|---|---|---|---|
| സ്ഥിതിയെക്കുറിച്ച് വിവരശേഖരണം നടത്തുന്നു. | കണ്ടെത്തി പരിഹാരം നൽകുന്നു | | PTA | |

പ്രവർത്തനം 10
പേര് : കളിയുപകരണങ്ങൾ വാങ്ങൽ
മേഖല : കായികക്ഷമത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികക്ഷമത വളർത്തുക | കുട്ടികൾക്ക് കളികൾക്കായി കളിയുപകരണങ്ങൾ വാങ്ങുന്നു. സ്പോൺസർമാരെ കണ്ടെത്തുന്നു. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹായം തേടുന്നു | ജൂൺ മാർച്ച് | LSG PTA | 5000 |

പ്രവർത്തനം 11
പേര് : കായികമേഖലയ്ക്ക് ഒരു കൈത്താങ്ങ്
മേഖല : കായികക്ഷമത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കായികക്ഷമത വളർത്തുക | റിട്ട. പി.ടി അധ്യാപകരുടെ സേവനം പരമാവധി ഉപയോഗിച്ച് കുട്ടികളുടെ കായികക്ഷമത മെച്ചപ്പെടുത്തുക. സബ് ജില്ലാ കായികമേളയ്ക്ക് പരിശീലനം നൽകുക. | ജൂൺ മാർച്ച് | LSG PTA | 5000 |

പ്രവർത്തനം 12
പേര് : സൂംബാ ഡാൻസ്
മേഖല : കായികക്ഷമത

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ലഹരിയിൽനിന്ന് വിമോചനം നേടി ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കൽ | ആഴ്ചയിൽ രണ്ട് ദിവസം സൂംബാ ഡാൻസ് പരിശീലനം. | ജൂൺ മാർച്ച് | LSG PTA | |

## ചുമതലകൾ

| | |
|---|---|
| കെ . ശ്രീകുമാർ | പ്രധാനാധ്യാപകൻ |
| സുമയ്യ എ.വൈ | അധ്യാപിക |
| ജയകൃഷ്ണൻ എസ് | അധ്യാപകൻ |
| ദിനേഷ് ചന്ദ്രൻ.എം | അധ്യാപകൻ |
| മൊയ്തുകുട്ടി. ടി | അധ്യാപകൻ |
| കൃഷ്ണകുമാരി | അധ്യാപിക |
| അശ്വനി | അധ്യാപിക |
| രഞ്ജിത്ത് | അധ്യാപകൻ |
| കുഞ്ഞിലക്ഷ്മി | PTCM |
| റന്യ | ആയ |

## തയ്യാറാക്കിയത്

| | |
|---|---|
| കെ . ശ്രീകുമാർ | പ്രധാനാധ്യാപകൻ |
| സുമയ്യ എ.വൈ | അധ്യാപിക |
| ജയകൃഷ്ണൻ എസ് | അധ്യാപകൻ |
| ദിനേഷ് ചന്ദ്രൻ.എം | അധ്യാപകൻ |
| മൊയ്തുകുട്ടി. ടി | അധ്യാപകൻ |
| കൃഷ്ണകുമാരി | അധ്യാപിക |
| അശ്വനി | അധ്യാപിക |
| രഞ്ജിത്ത് | അധ്യാപകൻ |